നം. സി.ഇ.ഇ./2674/07/റ്റി.എ.1

**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

# പത്രക്കുറിപ്പ്

## വിഷയം : ട്യൂഷൻ 'ഫീസ് ഇളവ് പദ്ധതി' സംബന്ധിച്ച്

**സൂചന : സർക്കാർ ഉത്തരവ് നം. (ആർ.റ്റി.)1544/2007, ഉന്നത വിദ്യാഭ്യാസ വകുപ്പ്, തീയതി : 14.08.2007.**

അഖിലേന്ത്യാ സാങ്കേതിക വിദ്യാഭ്യാസ കൗൺസിലിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ചുള്ള മേൽപ്പറഞ്ഞ പദ്ധതി സംസ്ഥാന സർക്കാരിന്റെ അനുമതിയോടെ താഴെപറഞ്ഞിരിക്കുന്ന കോളേജുകളിൽ ഈ വർഷം നടപ്പാക്കിയിട്ടുണ്ട്:

(i) ഗവൺമെന്റ് എൻജിനീയറിംഗ്/ഫാർമസി കോളേജുകൾ.

(ii) ടി.കെ.എം. എൻജിനീയറിംഗ് കോളേജ്, കൊല്ലം.

(iii) സർക്കാർ സ്പോൺസർ ചെയ്യുന്ന വിവിധ സ്വാശ്രയ എൻജിനീയറിംഗ് കോളേജുകൾ.

ഈ പദ്ധതി പ്രകാരം ഓരോ കോളേജിലും നിശ്ചിത കോഴ്സുകൾക്ക് അനുവദിച്ചിട്ടുള്ള ആകെ സീറ്റുകളുടെ 10% വരെ വിദ്യാർത്ഥികൾക്ക് **(2:3:1 എന്ന അനുപാതത്തിൽ, വിദ്യാർത്ഥിനികൾ, പ്രതിവർഷ വാർഷിക കുടുംബവരുമാനം 2.5 ലക്ഷം രൂപയിൽ താഴെയുള്ള വിദ്യാർത്ഥി/വിദ്യാർത്ഥിനികൾ, ശാരീരിക അംഗവൈകല്യമുള്ള വിദ്യാർത്ഥി/വിദ്യാർത്ഥിനികൾ എന്നിവർക്ക്)** മെരിറ്റടിസ്ഥാനത്തിൽ റ്റ്യൂഷൻ ഫീസ് ഇളവ് ലഭിക്കും.

മേൽപറഞ്ഞ കോളേജുകളിൽ പ്രവേശന പരീക്ഷാ കമ്മീഷണർ അലോട്ട് ചെയ്ത വിദ്യാർത്ഥി/വിദ്യാർത്ഥിനികളിൽ നിന്നും വിവിധ വിഭാഗങ്ങളിൽ തെരെഞ്ഞെടുക്കപ്പെട്ടിട്ടുള്ള വിദ്യാർത്ഥി/വിദ്യാർത്ഥിനികളുടെ ലിസ്റ്റ് **cee-kerala.org** എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

പദ്ധതി നടപ്പിലാക്കുന്ന കോളേജുകളിലെ പ്രിൻസിപ്പൽമാർക്ക് അതാത് കോളേജുകളിൽ പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള വിദ്യാർത്ഥികളുടെ ലിസ്റ്റ് പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിൽ നിന്നും ഇതിനകം അയച്ചിട്ടുണ്ട്.

S.r.Kumar

**പ്രവേശന പരീക്ഷാ കമ്മീഷണർക്കു വേണ്ടി**

തിരുവനന്തപുരം
03.12.2007